മെഡിക്കൽകോളേജിൽ നടന്നുവന്ന ഐ. സി. എം. ആർ. റിസർച്ച് സെൽ

* 897. [6] ശ്രീ. ബി. മാധവൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്നുവന്ന ഐ. സി. എം. ആർ. റിസർച്ച് സെൽ നിറുത്തൽ ചെയ്യാൻ ഗവൺമെൻറ് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്ത്;

(ബി) ഇൻഡ്യയിൽ ഇത്തരം റിസർച്ച് സെൻറുകൾ ഡൽഹിയിലും, കേരളത്തിലും മാത്രമേ ഉള്ളുവെന്നതിനെ പരിഗണിച്ച്, ഈ സ്ഥാപനം തുടർന്നു നടത്തുവാൻ അനുവാദം നൽകുമോ ;

(സി) ഈ റിസർച്ച് കേന്ദ്രത്തിന് കേന്ദ്രഗവൺമെൻറും, ഇൻഡ്യൻ മെഡിക്കൽ കൗൺസിലും, ലോകആരോഗ്യ—രാഷ്ട്രസംഘടനകളും എന്തെല്ലാം സഹായങ്ങൾ ചെയ്തുതന്നിട്ടുണ്ട്;

(ഡി) ഈ റിസർച്ച് കേന്ദ്രത്തിൽ എത്ര ഫുൾടൈം ഡാക്ടർമാരും പാർട്ടൈം ഡാക്ടർമാരും പ്രവർത്തിക്കുന്നു;

(ഇ) ഒരു വർഷം സംസ്ഥാനഗവൺമെൻറ് ഈ സ്ഥാപനത്തിനു നൽകിവന്നിരുന്ന ആകെ സഹായം എത്ര രൂപ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) :

(എ) ഈ സെൽ നിറുത്തൽ ചെയ്യാൻ ഗവൺമെൻറല്ല തീരുമാനിച്ചത്. ഈ സെൽ ഐ. സി. എം. ആർ. (ഇൻഡ്യൻ കൗൺസിൽ ആഫ് മെഡിക്കൽ റിസർച്ച്) ൻെറ അധീനതയിലാണ് പ്രവർത്തിച്ചുവന്നത്. ഐ. സി. എം ആർ. ൻെറ ഡയറക്ടർ ജനറലിൻെറ തീരുമാനമനുസരിച്ചാണ് ഈ സെൽ നിറുത്തൽ ചെയ്യാൻ നോട്ടീസ് കൊടുത്തിട്ടുള്ളത്.

(ബി) ഈ കാര്യം പരിഗണിക്കേണ്ടതേ ഐ. സി. എം. ആർ. ആണ്. ഈ സെൻറർ തുടർന്നു നടത്തുവാൻവേണ്ടി ഐ. സി. എം. ആറിനോട് അപേക്ഷിക്കുന്നതാണ്.

(സി) ഈ കേന്ദ്രത്തിനു ധനസഹായം ഐ.സി.എം.ആർ. മാത്രമാണ് നൽകിവരുന്നത്.

(ഡി) ഒരു മെഡിക്കൽ ഡാക്ടറും, രണ്ട് ഡെൻറൽ ഡാക്ടർമാരും ഫുൾടൈമായി പ്രവർത്തിക്കുന്നുണ്ട്. മറ്റു സ്റ്റാഫിൽ 12 പേർ ഫുൾടൈം ജോലിചെയ്യുന്നുണ്ട്.

(ഇ) ഈ ഗവൺമെൻറ് ധനസഹായം ചെയ്തിരുന്നില്ല. കാളേജിലെ സൗകര്യങ്ങളും മറ്റും ഈ സെൻറർ പ്രവർത്തിക്കുന്നതിന് വിട്ടുകൊടുത്തിരുന്നു. ഐ. സി. എം. ആർ. ഉദ്ദേശം ഒരു ലക്ഷം രൂപ അനുവദിച്ചിരുന്നു.

ശ്രീ. ബി. മാധവൻനായർ : ഇൻഡ്യൻ മെഡിക്കൽ കൗൺസിലിൻെറ പൂർണ്ണമായ സഹകരണത്തോടുകൂടി നടന്നുവരുന്ന ഈ സ്ഥാപനത്തിന് സംസ്ഥാനഗവൺമെൻറിൻെറ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽനിന്നും, ഇതിലേക്കുവേണ്ടി നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥൻമാരിൽനിന്നും പൂർണ്ണമായ നിസ്സഹകരണവും അച്ചടക്കമില്ലായ്മയും അനുഭവപ്പെട്ടതിൻെറ അടിസ്ഥാനത്തിലാണ് ഈ സെൽ നിറുത്തലാക്കാൻ തീരുമാനിച്ചിരിക്കുന്നതെന്നു പറയുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ : ശരിയല്ല.

ശ്രീ. ബി. മാധവൻനായർ : ജീവനക്കാർ പിരിഞ്ഞുപോകണമെന്നു കാണിച്ച് ഒരു മാസത്തെ നോട്ടീസ് പോലും നൽകിയിരുന്നില്ലെന്നു കേൾക്കുന്നത് ശരിയാണോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ബി. മാധവൻനായർ : ഈ സെൽ തുടർന്നു നടത്തുന്നതിന് അടിയന്തിരമായ നടപടി ഈ ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഇതു നിറുത്താതിരിക്കുന്നതിനുവേണ്ടിയാണ് ഐ. സി. എം. ആറിനോട് ധനസഹായം നൽകണമെന്ന് ആവശ്യപ്പെടുന്നത്.

ശ്രീ. കെ. കെ അബു : ഈ റിസർച്ച് കേന്ദ്രത്തിന്റെ പ്രവർത്തനം കേരളത്തിന്റെ പുരോഗതിക്ക് അത്യാവശ്യമാണെന്നുള്ള കാര്യത്തെ പരിഗണിച്ചും പാവറ, നീണ്ടകര തുടങ്ങിയ സ്ഥലങ്ങളിലെ ആളുകൾക്ക് തൈറോയിഡ് ഗ്ലാൻഡ്സിലുണ്ടാകുന്ന ക്യാൻസർ എന്ന പ്രത്യേകതരം രോഗത്തെക്കുറിച്ചും, കേരളത്തിൽമാത്രംകണ്ടുവരുന്ന 15 വയസുമുതൽ 35 വയസിനിടക്കുള്ള ആളുകൾക്കും കണ്ടുവരുന്ന പ്രമേഹരോഗത്തെക്കുറിച്ചു ഗവേഷണം നടത്തുന്നതിനും വേണ്ടിയിട്ടുള്ള ഒരു പ്രധാനപ്പെട്ട കേന്ദ്രം എന്നുള്ള നിലയ്ക്കും, ഈ സെൻറർ ഐ. സി. എം. ആർ. നിറുത്തലാക്കുകയാണെങ്കിൽ സ്റ്റേറ്റ്ഗവൺമെൻറ് അതു ഏറെറടുത്തു നടത്തുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : സാമ്പത്തിക കഴിവിനെ ആശ്രയിച്ചുമാത്രമേ അതിനു മറുപടി പറയാൻ കഴിയുകയുള്ളു.

ശ്രീ. കെ. കരുണാകരൻ : ഇതു നിറുത്തൽ ചെയ്യുന്നതിന് പ്രത്യേക കാരണം വല്ലതും ഉണ്ടോ? വല്ല വിവരങ്ങളും അവർ അറിയിച്ചിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഇതിന്റെ പ്രവർത്തനം തൃപ്തികരമല്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് നിറുത്തലാക്കാൻ പോകുന്നതായിട്ട് ഔദ്യോഗികമായി അറിയിച്ചിരിക്കുന്നത്. വേറെ ചില കേന്ദ്രങ്ങളിൽനിന്നു അറിയാൻ കഴിഞ്ഞിട്ടുള്ളത്, ഈ റിസർച്ചിന്റെ ക്രെഡിറ്റ് മറ്റു ചിലർക്ക് കിട്ടുന്നതിനുവേണ്ടിയിട്ടാണ് ഇത് ഇവിടെനിന്നു മാറ്റുന്നതെന്നാണ്.

ശ്രീ. കെ. കരുണാകരൻ : ഈ സെൻറർ ഇവിടെത്തന്നെ തുടർന്നുനടത്തണമെന്ന് അവരോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഈ സെൻറർ ഇവിടെ തുടരുന്നതിനു ആവശ്യമായ സ്ഥിതിവിവര കണക്കുകൾ ഗവൺമെൻറ് ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. അതെല്ലാം ശേഖരിച്ച് എല്ലാ രേഖകളോടുംകൂടി ഐ. സി. എം. ആറിനോട് ഗ്രാൻറ് തരണമെന്നും, ഇതു തുടർന്നു നടത്തുന്നതിന് അനുവാദം തരണമെന്നും ആവശ്യപ്പെടുന്നതാണ്. അനുവാദം തരുന്നില്ലെങ്കിൽ സ്റ്റേറ്റ്ഗവൺമെൻറിന് ഏറെറടുത്തു നടത്താൻ കഴിയുമോ എന്നും ആലോചിക്കുന്നതാണ്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : മെഡിക്കൽ റിസർച്ചിന്റെ അഭിവൃദ്ധിക്കുവേണ്ടി കേരള ഗവൺമെൻറും കേരള സർവ്വകലാശാലയും പ്രത്യേക ആനുകൂല്യങ്ങൾ നൽകണമെന്നു തീരുമാനിച്ചിട്ടുള്ള സ്ഥിതിക്ക് മെഡിക്കൽ കോളേജിലായാലും, മറ്റു സ്ഥാപനങ്ങളിലായാലും മെഡിക്കൽ റിസർച്ചിന് പ്രത്യേകം പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു നയം ആവിഷ്ക്കരിക്കാനും, അതിനുവേണ്ട സാമ്പത്തിക സഹായം നൽകാനും പരിശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ : ഓരോ കൊല്ലവും നീക്കിവയ്ക്കുന്ന തുകക്ക് വിധേയമായി മാത്രമേ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. ഐ. സി. എം. ആറിൽനിന്ന് ധനസഹായം കിട്ടിയിരുന്നതുകൊണ്ട് ബഡ്ജറ്റ് തയ്യാറാക്കുന്ന കാലത്ത് ഇതിനുവേണ്ടി തുക മാറ്റി വയ്ക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. ഈ. ബാലാനന്ദൻ : ഈ പ്രോജക്റ്റ്കൊണ്ട് ഈ നാടിന് വമ്പിച്ച പ്രയോജനമുണ്ടാകുമെന്നുള്ളതിനെ പരിഗണിച്ച് ഒരു ലക്ഷംരൂപ നഷ്ടം സഹിച്ചാണെങ്കിലും ഇതു നിറുത്താതിരിക്കാൻ പരിശ്രമിക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ : പരിശ്രമിക്കുന്നതാണ്.

ശ്രീ. ഒ. കോരൻ : ഈ റിസർച്ച് സെന്ററിന് പ്രത്യേകം ആനുകൂല്യം നൽകണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ : പ്രത്യേകിച്ച് ആനുകൂല്യം ഗവൺമെൻറ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടില്ല.

(ii) Written Answers

പാഠപുസ്തകങ്ങളും ഗൈഡുകളും

* 898. [1265] ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ;

(എ) ദേശസാൽകൃതപാഠപുസ്തകങ്ങൾക്കും, അംഗീകൃതപാഠപുസ്തകങ്ങൾക്കും ഗൈഡുകളും പ്രസിദ്ധീകരിക്കുന്നതിനെ ആന്ധ്രാഗവൺമെൻറ് നിരോധിച്ചിരിക്കുന്നതായി വന്ന വാർത്ത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ ഒരു നിരോധനം ഇവിടെയും നൽകുവാൻ നടപടിയെടുക്കുമോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ)

(എ) ഔദ്യോഗികമായി വിവരമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പാഠപുസ്തകങ്ങൾ

* 899. [1266] ശ്രീ. പി. വി. ദക്ഷിണാമൂർത്തി :

ശ്രീ. സി. ഗോവിന്ദപ്പണിക്കർ :

ശ്രീ. പി. പി. കൃഷ്ണൻ :

ശ്രീ. ടി. കെ. രാമകൃഷ്ണൻ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ;

(എ) അടുത്ത അദ്ധ്യയനവർഷത്തിൽ സ്റ്റേറ്റിലെ പ്രൈമറി, സെക്കണ്ടറി വിദ്യാലയങ്ങളിലെ പാഠപുസ്തകത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly